**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**26.11.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.11.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1381.97 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 23.28 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 23.5 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും (28.43 ശതമാനം, മുൻവർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 228.36 കോടി രൂപയും (17.75 ശതമാനം, മുൻ വർഷം 19 ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 121.58 കോടി രൂപയും (22.5 ശതമാനം, മുൻ വർഷം 21 ശതമാനം),52 കോടി രൂപയും (173 ശതമാനം, മുൻ വർഷം 16 ശതമാനം) ആണ് ചെലവഴിച്ചത്.

2.2 ഇ-ടെണ്ടറിംഗ് നടപടികൾ വളരെ മന്ദഗതിയിലാണെന്നും യോഗം നിരീക്ഷിച്ചു. എഞ്ചിനീയർമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണ് നടപടികൾ വൈകുന്നതെന്ന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഡിജിറ്റൽ സിഗ്നേച്ചർ ലഭിക്കാൻ കാലതാമസം ഉണ്ടെങ്കിൽ എഞ്ചിനീയർമാർക്ക് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് എന്റർ ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടും പല എഞ്ചിനീയർമാരും ടെണ്ടർ നടപടി ആരംഭിച്ചിട്ടില്ലെന്നും പരാതിയുള്ളതായി യോഗം അഭിപ്രായപ്പെട്ടു. ഇ- ടെണ്ടറിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഡിസംബർ 1-ന് ചേരുന്ന അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതിനും യോഗം അസംബ്ലി മന്ദിരത്തിലെ ബഹു. ഗ്രാമ വികസന വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ഉച്ചയ്ക്ക് 12 മണിക്ക് ചേരുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ അടിയന്തിരമായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ യോഗം വിളിച്ചു ചേർത്ത് നിലവിലെ സ്ഥിതി അവലോകനം ചെയ്ത് പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ സമാഹരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ - ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടെന്നും അതിന്റെ പുരോഗതി എന്താണെന്നും ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടും ഇ-ടെണ്ടർ ചെയ്യാത്ത എഞ്ചിനീയർമാരുണ്ടോ എന്നും അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു മറ്റുമുള്ള സ്ഥിതി വിവരക്കണക്കുകളും ചീഫ് എഞ്ചിനീയർ യോഗത്തിൽ സമർപ്പിക്കേണ്ടതെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

2.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ മെമ്പർമാരോ മറ്റു സ്ഥാപനങ്ങളോ സമർപ്പിക്കുന്ന അപേക്ഷകളും നിവേദനങ്ങളും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് മേലിൽ വയ്ക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3 പ്രത്യേക വിഷയങ്ങൾ

**3.1 പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പൂക്കോട് ലിഫ്ട് ഇറിഗേഷൻ പ്രവൃത്തിയുടെ ബിൽ തുക സംബന്ധിച്ച് (ഫയൽ. 34674/ഡി.എ2/14/തസ്വഭവ)**

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പൂക്കോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി സാങ്കേതികാനുമതി കൂടാതെ നടപ്പിലാക്കിയ നടപടി കോഓർഡിനേഷൻ കമ്മിറ്റി അംഗീകരിക്കേണ്ടതില്ലെന്നും ഭരണവകുപ്പുതല നടപടിയാണ് സ്വീകരിക്കേണ്ടതെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഉദയഗിരി ഗ്രാമപഞ്ചായത്ത് (ഫയൽ നം.83008/ഡി.ഡി.1/14) )**

ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായവർക്ക് ഐ.എ.വൈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിൽ സ.ഉ.(സാധാ) 28288/14/തസ്വഭവ തീയതി. 06.11/2014 ഉത്തരവു പ്രകാരം തീരുമാനമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മഹിള കിസാൻ സശാക്തീകരൻ പരിയോജന**

**( MKSP) (ഫയൽ നം.69011/ഡി.ഡി.3/14/തസ്വഭവ)**

2014 ജൂൺ വരെ പ്രവർത്തനാനുമതി ലഭിച്ച സാഹചര്യത്തിൽ എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി മലപ്പുറം, പാലക്കാട് തൃശൂർ ജില്ലകളിലെ നെൽക്കൃഷി പുനരുദ്ധാരണത്തിനായി വനിത ലേബർ ബാങ്ക് രൂപീകരിക്കുന്നതിലേയ്ക്ക് 2012–13, 2013–14 വർഷങ്ങളിൽ പ്രസ്തുത ജില്ലകളിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നും വിഹിതം സമാഹരിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ഇനിയും വിഹിതം വകയിരുത്തിയിട്ടില്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഡി.പി.ആർ. പ്രകാരമുള്ള തുക വകയിരുത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 വേങ്ങൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.82857/ഡി.എ2/14/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിൽ പാവലുകണ്ടം- കയറ്റുവ പേഴാട്–തൊടാക്കയം– അയനിച്ചാൽ റോഡ് കോൺക്രീറ്റിംഗിനായി വനം വകുപ്പിന്റെ അനുമതി യോടുകൂടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിൽ മൃഗ സംരക്ഷണ മേഖലയിൽ മുട്ടക്കോഴി വിതരണം, ആടു വിതരണം, യുവജന വനിത ഗ്രൂപ്പുകൾക്ക് ആടുവിതരണം എന്നീ പദ്ധതികൾ മാർഗരേഖ പ്രകാരം നടപ്പിലാക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മയ്യനാട് ഗ്രാമപഞ്ചായത്ത്**

സ്ത്രീ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട പുരുഷൻമാർക്ക് വനിത ഘടക പദ്ധതിയിൽ ആനുകൂല്യം നൽകണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പത്തനംതിട്ട നഗരസഭ (ഫയൽ നം. 69362/ഡി.സി.3/14/തസ്വഭവ)**

2013–14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗം വനിതകൾക്കായി നടപ്പിലാക്കിയ ശബരി പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റിന് പേപ്പർ ബാഗ് നിർമ്മാണം കൂടി നടപ്പിലാക്കുന്നതിന് പ്രത്യേക സാഹചര്യം പരിഗണിച്ച് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മലപ്പുറം ജില്ലാ പഞ്ചായത്ത്.**

പൊന്നാനി കോൾ ഡെവലപ്മെന്റ് ഏജൻസിയിൽ മോട്ടോർ ഷെഡ് സ്ഥാപിക്കുന്നതിനു വേണ്ടി 90 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ മിച്ചമുള്ള. 21 ലക്ഷം രൂപ ഉപയോഗിച്ച് കോൾ നിലങ്ങളിൽ തന്നെ കർഷകരുടെ ആവശ്യപ്രകാരം പ്രോജക്ടിന്റെ ഭാഗമായതിനാൽ പെട്ടി, പറ, പമ്പ്സെറ്റ് എന്നിവ വാങ്ങി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗം ശ്രീ സലീം കുരുവമ്പലം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്കു നൽകിയ കത്ത്**

കേരള സംസ്ഥാന സാക്ഷരത മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന "അതുല്യം" സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യം ജില്ലാ പഞ്ചായത്തുകളുടെ ഭരണസമിതി തീരുമാനങ്ങൾ ലഭ്യമായശേഷം പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 57657/ഡിബി1/14/തസ്വഭവ.**

2006–07 വർഷം മുതൽ നടപ്പാക്കി വരുന്ന മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി 2014–15 വർഷവും നടപ്പിലാക്കാൻ 35 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി നടപ്പിലാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നതിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സാന്ത്വനം പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകാനും എന്നാൽ തുടർ ചെലവുകൾ എച്ച്. എം.എസി. വഹിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 രാമപുരം ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് യാത്ര ചെയ്യുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമായി മോട്ടോറൈസ്ഡ് ട്രൈസൈക്കിളുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ എന്നത് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പദ്ധതിയായി മാറ്റുന്നതിന് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾ വിനിയോഗിക്കേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

ഗ്രാമസമൃദ്ധി ആട് ഗ്രാമം പദ്ധതി മാർഗരേഖ പ്രകാരം നടപ്പിലാക്കാൻ അനുമതി നൽകി തീരുമാനിച്ചു. സോളാർ വഴിവിളക്ക് പദ്ധതി അംഗീകരിക്കേണ്ടതില്ലെന്നും, വൃദ്ധജനങ്ങൾക്കുള്ള ആയുർവേദ ഔഷധങ്ങൾ ആശുപത്രി മുഖേന നൽകിയാൽ മതിയെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ചിറ്റൂർ–തത്തമംഗലം മുനിസിപ്പാലിറ്റി**

വാഹനം വാങ്ങുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ക്ഷീര വികസന ഡയറക്ടറുടെ കത്ത്**

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ "ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്" എന്ന പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യത്തിന്മേൽ ഭരണ വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ തത്സംബന്ധമായി 19.11.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 3.15 പ്രകാരം തീരുമാനമുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

എല്ലാ വീടുകൾക്കും സോളാർ പാനൽ നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 2014 ഡിസംബർ 1ന് അസംബ്ലി മന്ദിരത്തിലെ ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ഉച്ചയ്ക്ക് 12 മണിക്ക് കൂടുന്നതാണ്.***